**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 668** **13.06.2012-ൽ മറുപടിക്ക്**

**പകർച്ചവ്യാധികളെ നേരിടുവാൻ കർമ്മ പദ്ധതികൾ**

**ചോദ്യം**

ശ്രീ. വി.റ്റി.ബൽറാം
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. വർക്കല കഹാർ
ശ്രീ. അൻവർ സാദത്ത്

എ) പകർച്ചവ്യാധികളെ നേരിടുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

ബി) ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് ആയത് നടപ്പാക്കുന്നത് ;

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഈ വർഷം ജനുവരി മാസം മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൊതുക്-കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവത്കരണം എന്നീ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടു കൂടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.

ബി) ആരോഗ്യവകുപ്പിനെ കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ശുചിത്വമിഷൻ തുടങ്ങിയവയുടെ സഹകരണത്തോടു കൂടിയാണ് പകർച്ചവ്യാധികളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഫിഷറീസ്, റെയിൽവേ തുടങ്ങിയ വകുപ്പുകളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്ക് വഹിക്കുന്നുണ്ട്.

സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ?

സി) കേരളത്തിൽ ആവർത്തിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികൾ ഏതൊക്കെയാണെന്നും അവ ഏതൊക്കെ പ്രദേശങ്ങളിലാണ് കൂടുതലായി വരാറുള്ളതെന്നും കണ്ടെത്തി അവയെ പ്രതിരോധിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി കൃത്യമായി ചിട്ടപ്പെടുത്തിയ പ്രവർത്തന പരിപാടിയാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി രോഗപ്രതിരോധപ്രവർത്തനങ്ങൾ രോഗ നിരീക്ഷണ പര്യവേക്ഷണ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവത്കരണം എന്നിവയാണ് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ